# ദൈവത്തിന്റെ തേജസ്സ് മൺപാത്രങ്ങളിൽ

സാക് പുന്നൻ

WFTW 07 ഫെബ്രുവരി 2016

2 കൊരിന്ത്യർ 4:6ൽ സുവിശേഷം എന്താണെന്നുള്ളത് പൗലൊസ് വിശദീകരിക്കാൻ തുടങ്ങുന്നു: അനേകം ആളുകൾക്കു സുവിശേഷം മനസ്സിലാക്കാൻ കഴിയുന്നില്ല. കാരണം അവർക്കതു കാണാൻ കഴിയാതിരിക്കേണ്ടതിന് സാത്താൻ (ഈ ലോകത്തിന്റെ ദൈവം) അവരുടെ കണ്ണുകളെ കുരുടാക്കിയിരിക്കുന്നു. ഇവിടെ പൗലൊസ് ദൈവതേജസ്സിനെക്കുറിച്ചു സംസാരിക്കുന്നത് ഈ ഭൂമിയിൽ യഥാർത്ഥമായി നമുക്കുള്ള ഏക സമ്പത്ത് അതു മാത്രമാണെന്ന വിധത്തിലാണ് (വാ.6). പണ്ട് ഉൽപത്തി ഒന്നിൽ ദൈവം വെളിച്ചം പ്രകാശിക്കട്ടെ എന്നു കല്പിച്ചതുപോലെ, അവിടുന്നു നമ്മുടെ ഹൃദയങ്ങളിലും പ്രകാശിച്ചിരിക്കുന്നു ഈ വെളിച്ചം ഒരു മൺപാത്രത്തിലാണുള്ളത് (2 കൊരി. 4:7). നമ്മുടെ ജീവിതാവസാനം വരെ, നാം എല്ലാവരും മൺപാത്രങ്ങൾ മാത്രമായിരിക്കും. ഈ പാത്രത്തെ സംബന്ധിച്ച് ആകർഷകമായ ഒരേ ഒരു കാര്യം അതു ദൈവതേജസ് ഉൾക്കൊള്ളുന്നു എന്നതു മാത്രമാണ്.

പഴയനിയമത്തിൽ, അബ്രഹാമും ദാവീദും ഭൗതികമായി സമ്പത്തുള്ളവരായിരുന്നു. അത് ഭൗമികമായ ഒരു മഹത്വമായിരുന്നു കാരണം എല്ലാ മനുഷ്യരും ധനത്തിൽ പുകഴുന്നു. എന്നാൽ പുതിയ നിയമത്തിൽ പൗലൊസിനെപ്പോലെ, ദരിദ്രനും ആകർഷകത്വം ഇല്ലാത്തവനുമായ ഒരു മനുഷ്യനെ ദൈവം ഉപയോഗിക്കുന്നു. പരമ്പരാഗതമായ അഭിപ്രായം നമ്മോടു പറയുന്നത്, അപ്പൊസ്തലനായ പൗലൊസ് 4 അടി 11 ഇഞ്ചു മാത്രം ഉയരം ഉള്ളവനും, കഷണ്ടിത്തലയനും, ഭംഗിയില്ലാത്ത മൂക്കുള്ളവനും, തന്റെ ജീവിതത്തിന്റെ അധിക സമയവും രോഗിയും ആയിരുന്നു എന്നാണ്: എന്നാൽ 'ലോകത്തെ കീഴ്മേൽ മറിക്കുവാൻ'' ദൈവം ഉപയോഗിച്ച മനുഷ്യൻ ഇതായിരുന്നു കാരണം അദ്ദേഹം അഭിഷിക്തനായിരുന്നു (അപ്പൊ. പ്ര. 17:6). വാസ്തവത്തിൽ പൗലൊസ് ഈ ലോകത്തെ നേരെ ആക്കുകയായിരുന്നു. കാരണം ആദാം പാപം ചെയ്തതു മുതൽ ലോകം മുഴുവൻ തലകീഴായിരുന്നു.

പൗലൊസ് ബലഹീനമായ ഒരു മൺപാത്രമായിരുന്നു. എന്നാൽ അതിനകത്ത് ക്രിസ്തുവിന്റെ തേജസ് ഉൾക്കൊണ്ടിരുന്നു. നിങ്ങളുടെ ഉള്ളിൽ എന്താണുള്ളത് എന്നാണ് വാസ്തവത്തിൽ കണക്കാക്കുന്നത്. ഇന്ന് അനവധി ആളുകൾ ആകർഷിക്കപ്പെടുന്നത്, സിനിമാ താരങ്ങളെപ്പോലെ പ്ലാറ്റ്ഫോമുകളിൽ നിൽക്കുന്ന 'ദൈവത്തിന്റെ വലിയ ദാസന്മാരെ'ന്നു വിളിക്കപ്പെടുന്ന ആളുകളാലാണ്. എന്നാൽ അപ്പൊസ്തലനായ പൗലൊസിൽ നിന്നു നമുക്കു ലഭിക്കുന്ന ഒരു യഥാർത്ഥ ദൈവദാസന്റെ ചിത്രം ആയിരുന്നു.

അതുകൊണ്ട് അനേകം മാനുഷിക പരിമിതികളും ബലഹീനതകളും നിങ്ങളിൽ കാണുന്നുണ്ടെങ്കിലും നിങ്ങൾ നിരുത്സാഹപ്പെടരുത്. നിങ്ങളുടെ ഉള്ളിൽ ഒരു വലിയ തേജസ് ഉണ്ടെന്നുള്ള കാര്യം ഉറപ്പു വരുത്തുക അതായത് ദൈവത്തിന്റെ മുമ്പാകെ നിർമ്മല മനസാക്ഷിയോടു കൂടെ നടക്കുകയും എല്ലാ സമയത്തും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൻ കീഴിൽ ജീവിക്കുകയും ചെയ്യുക അതാണ് യഥാർത്ഥത്തിൽ കാര്യമായിട്ടുള്ളത്.

ഒരു മൺപാത്രത്തിലുള്ള പ്രകാശം (2 കൊരി. 4:6,7) നമ്മെ ഓർമ്മിപ്പിക്കുന്നത് ഓരോരുത്തരുടെ കയ്യിലും അകത്തു വെളിച്ചമുള്ള മൺപാത്രങ്ങൾ ഉണ്ടായിരുന്ന ഗിദയോന്റെ സൗന്യത്തിലെ 300 പടയാളികളെയാണ്. ഈ 300 പേർ, 32000 പേരുള്ള ഒരു കൂട്ടത്തിൽ നിന്നു ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് ഇവർ അന്ത്യനാളുകളിലെ ജയാളികളുടെ ഒരു നിഴലാണ്. അവർ സാത്താനെതിരെ യുദ്ധത്തിനു പോകുമ്പോൾ, ആ പടയാളികളെപ്പോലെ അവരുടെ കയ്യിൽ ഒരു വാളുണ്ട് (അത് ദൈവത്തിന്റെ വചനമാണ്). എന്നാൽ അവർക്കും ഉള്ളിൽ പ്രകാശമുള്ള ഒരു

മൺപാത്രമുണ്ട്. ഗിദയോന്റെ പടയാളികളോട്, അവരുടെ വെളിച്ചം പുറത്തു പ്രകാശിക്കേണ്ടതിന് അവരുടെ മൺപാത്രങ്ങൾ ഉടയ്ക്കുവാൻ ആവശ്യപ്പെട്ടു. ഒരു കലത്തിനുള്ളിൽ ഒരു മെഴുകുതിരി കത്തിച്ചു വച്ചാൽ നിങ്ങൾക്ക് അതിന്റെ പ്രകാശം കാണാൻ കഴിയുകയില്ല. എന്നാൽ ആ കലം ഉടയ്ക്കപ്പെട്ടാൽ, വെളിച്ചം പുറത്തേക്കു പ്രകാശിക്കുന്നു. യേശുവിന്റെ ജിവൻ പുറത്തേക്കു പ്രകാശിക്കേണ്ടതിന് തന്റെ മൺപാത്രം എപ്രകാരം ഉടയ്ക്കപ്പെടേണ്ടിയിരുന്നു എന്നു പൗലൊസ് നമ്മോടു പറയുന്നു. അദ്ദേഹത്തിനു കഷ്ടങ്ങൾ, ബുദ്ധിമുട്ടുകൾ, ഉപദ്രവം, അടിച്ചു വീഴ്ത്തൽ, തുടങ്ങിയവയിലൂടെ നിരാശ കൂടാതെ കടന്നു പോകേണ്ടി വന്നു (വാ. 812). അങ്ങനെ അദ്ദേഹത്തിന്റെ മൺപാത്രം തകർക്കപ്പെടുകയും ആളുകൾക്ക് അദ്ദേഹത്തിന്റെ വെളിച്ചം (യേശുവിന്റെ ജീവൻ) വ്യക്തമായി കാണാൻ കഴിയുകയും ചെയ്തു. അനേക വിശ്വാസികൾക്കും ഇതു മനസ്സിലാകുകയില്ല. അവർക്ക് അതിനു താല്പര്യവും ഇല്ല. എന്നാൽ ഈ ക്രൂശിന്റെ വഴി മാത്രമാണ് ജീവന്റെ മാർഗ്ഗം.

നിങ്ങൾ ഗോതമ്പിന്റെ ഒരു മണി മണ്ണിൽ വിതയ്ക്കുമ്പോൾ, അതിന്റെ കട്ടിയുള്ള പുറംതോടു വിണ്ടു കീറുന്നു. അപ്പോൾ മാത്രമേ അതിനുള്ളിലുള്ള ജീവൻ സ്വതന്ത്രമാക്കപ്പെടുകയുള്ളു. വീണ്ടും ജനിച്ച ക്രിസ്ത്യാനികളായ നമ്മിൽ പോലും നമ്മുടെ ദേഹീപരമായ വ്യക്തിത്വത്തിന്റെയും, നമ്മുടെ ജഡത്തിന്റെതുമായ കട്ടിയുള്ള ഒരു പുറന്തോട് ഉണ്ട് അതു തകർക്കപ്പെടേണ്ടതാണ്. അപ്പോൾ മാത്രമേ ദൈവത്തിന്റെ തേജസ് നമ്മിൽ നിന്നു പുറത്തേക്കു പ്രകാശിക്കുകയുള്ളു.

തിരുവചനത്തിലുടനീളം നാം കാണുന്ന തത്വം ഇതാണ്. ഒരു സ്ത്രീ യേശുവിന്റെ അടുത്തേക്ക് ഒരു വെൺകൽ ഭരണി പരിമള തൈലം കൊണ്ടു വന്നപ്പോൾ അതിനുള്ളിൽ അത്ഭുതകരമായ പരിമളം ഉണ്ടായിരുന്നു. എന്നാൽ ആ ഭരണി പൊട്ടിക്കുന്നതു വരെ ആ വീട്ടിലുള്ള ആർക്കും ആ പരിമളം മണക്കുവാൻ കഴിഞ്ഞില്ല. ഇതുപോലെ തന്നെ, നമ്മുടെ പുറമേയുള്ള ജീവൻ തകർക്കപ്പെടേണ്ടിന് ദൈവത്തിനു നമ്മെ വിവിധ സാഹചര്യങ്ങളിലൂടെ കൊണ്ടുപോകേണ്ടി വരുന്നു. അപ്പോൾ പിന്നെ നാം ഒരിക്കലും മുഷ്യർക്ക് ആകർഷകമായിരിക്കുകയില്ല. നിങ്ങൾ മറ്റുള്ളവരുടെ അടുത്ത് ഒരു ചുറു ചുറുക്കുള്ള വ്യക്തിയായി കടന്നു വരുവാൻ ആഗ്രഹിച്ചേക്കാം. എന്നാൽ ദൈവം പറയുന്നു: ''ഞാൻ നിന്റെ ഈ അഗ്രഹത്തെ തകർക്കട്ടെ.'' മനുഷ്യൻ ആത്മാവും, ദേഹിയും, ദേഹവുമുള്ളവനാണ്. ക്രിസ്തു ഉള്ളിൽ വരുമ്പോൾ നമ്മുടെ ആത്മാവിൽ വസിക്കുന്ന ഒരു വലിയ തേജസ്സുണ്ട്. എന്നാൽ നമ്മുടെ ദേഹീജീവൻ ആ വെളിച്ചം പുറേത്തക്കു പ്രകാശിക്കുന്നതിനെ തടയുന്നു അതുകൊണ്ട് ആണ് അവിടുത്തെ ഉദ്ദേശ്യം നാം നിറവേറേണ്ടതിനായി ദൈവം നമ്മുടെ ജീവിതത്തിൽ അനേകം ഉടയ്ക്കലുകൾ അനുവദിക്കുന്നത്.